(ബി) 2003-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് (അമെന്റ്മെന്റ്) ആക്ട് പ്രാബല്യത്തിൽ വന്നിട്ടില്ല.

(സി) കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒരു ഹെക്ടറിനുള്ളിലുള്ള വീട്ടുവളപ്പിൽ നിന്നും ഈട്ടി, തേക്ക് തുടങ്ങിയ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമില്ല. സ്വകാര്യ ഭൂമിയിലുള്ള പട്ടയത്തിലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള എല്ലാത്തരം വൃക്ഷങ്ങൾ മുറിക്കുന്നതിനും സർക്കാരിന്റെ അനുമതി ആവശ്യമാണ്. പട്ടയം നൽകിയപ്പോൾ റിസർവ് ചെയ്ത് നിർത്തിയിട്ടുള്ള മരങ്ങളും വനം വകുപ്പിനെ ഏൽപ്പിക്കേണ്ടതാണ്.

ദേശീയപാത ഹരിതവത്ക്കരണം

88 (T3297) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയപാത ഹരിതവത്ക്കരണം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെയും സ്റ്റേറ്റ് ഹൈവേകളുടെയും വശങ്ങൾ ഹരിതവൽക്കരണം നടത്തുന്നതിനായി "ഹരിതോത്സവം" പദ്ധതിപ്രകാരം 2002-03 വർഷത്തിൽ 816530 വൃക്ഷത്തൈകൾ സംസ്ഥാനത്താകെ 1472 കി.മീ. പാതയോരങ്ങളിലും 2003-04 വർഷത്തിൽ 26507 തൈകൾ 454.50 കി.മീ. പാതയോരങ്ങളിലും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

നിത്യഹരിത വനങ്ങളുടെയും ശോഷിത വനങ്ങളുടെയും വിസ്തൃതി

89 (3298) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിത്യഹരിത വനങ്ങളുടെയും ഡി ഗ്രേഡഡ് വനങ്ങളുടെയും വിസ്തൃതി 2000-ൽ എത്രയായിരുന്നുവെന്നും ഇപ്പോൾ എത്രയാണെന്നും വെളിപ്പെടുത്തുമോ :

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായ കയ്യേറ്റങ്ങളുടെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിത്യഹരിത വനവിസ്തൃതി 2000-ൽ. 3299 ച.കി.മീ. ആയിരുന്നു. ഡി ഗ്രേഡഡ് വനവിസ്തൃതി കണക്കാക്കിയിരുന്നില്ല. ഇപ്പോഴത്തെ വിസ്തൃതി കണക്കാക്കി വരുന്നു.

(ബി) 4495 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

സ്വകാര്യ വനങ്ങളിലെ ചന്ദനമരങ്ങളും ചന്ദന ലേലവും

90 (3298) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഭൂമിയിൽ ചന്ദനമരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും അവ പ്രായമാകുമ്പോൾ മുറിച്ചു വിൽക്കുന്നതിനും പ്രത്യേകമായ അനുമതി ആവശ്യമാണോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ചന്ദനമരങ്ങൾ വച്ചുപിടിപ്പിച്ചു എന്നും എത്ര തൂക്കം ചന്ദനത്തടികൾ ലേലത്തിൽ വിറ്റു എന്നും ഇപ്രകാരം എന്തു തുക ലഭിച്ചു എന്നും അറിയിക്കാമോ ?

ഉത്തരം

(എ) സ്വകാര്യ ഭൂമിയിൽ ചന്ദന മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രത്യേകമായ അനുമതി ആവശ്യമില്ല. എന്നാൽ സ്വകാര്യ ഭൂമിയിലെ ചന്ദന മരങ്ങൾ മുറിക്കുന്നതിന് കേരള വൃക്ഷ സംരക്ഷണ നിയമമനുസരിച്ച് നിയന്ത്രണങ്ങൾ ഉണ്ട്. 14-12-1968-ലെ സർക്കാർ കത്ത് നമ്പർ 91931/എഫ്1/68/എ.ഡി. പ്രകാരം സ്വകാര്യ ഭൂമിയിലെ ചന്ദനം നീക്കം ചെയ്യുന്നതിന് പാസ് നൽകുന്നതിന് സർക്കാർ സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കുറയ്ക്കുന്നതിന് വനം വകുപ്പ് സ്വകാര്യഭൂമിയിലെ ചന്ദനം വാങ്ങുന്നതിനും ടി ചന്ദനം പൊതുലേലത്തിൽ വച്ച് വിറ്റ് ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം പട്ടയമുടമസ്ഥർക്ക് നൽകുന്നതിനും 3-4-1973-ലെ ജി.ഒ. (എംഎസ്.) 126/73/എ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18430 ചന്ദനത്തൈകൾ നട്ടിട്ടുണ്ട്. കൂടാതെ 5000 ചന്ദനത്തൈകൾ വിതരണം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന ചന്ദന ലേലങ്ങളിൽ വിവിധ ക്ലാസുകളിലായി വിറ്റ ചന്ദന മരത്തിന്റെ തൂക്കവും അവയ്ക്ക് ലഭിച്ച വിലയും നികുതികളും ചുവടെ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly